# കേരളസർവകലാശാല

നം.പി.ആർ.266/2021

## പത്രക്കുറിപ്പ്

### ഒന്നാം വർഷ ബി.എഡ് പ്രവേശനം - 2021
### ഡിസംബർ 22 ന് കൊല്ലം എസ്.എൻ കോളേജിൽ സ്പോട്ട് അഡ്മിഷൻ

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിരിക്കുന്ന എയ്ഡഡ്/ സ്വാശ്രയ/ കെ.യു.സി.ടി.ഇ കോളേജുകളിൽ ഒന്നാം വർഷ ബി.എഡ് കോഴ്സിലേക്ക് ഒഴിവുള്ള സീറ്റുകളിലേക്ക് 22.12.2021-ൽ കൊല്ലം എസ്.എൻ കോളേജിൽ വച്ച് സ്പോട്ട് അഡ്മിഷൻ നടത്തുന്നു. **നിലവിൽ ഏതെങ്കിലും കോളേജിൽ അഡ്മിഷൻ ലഭിച്ച വിദ്യാർത്ഥികളെ ടി അഡ്മിഷനു പരിഗണിക്കുന്നതല്ല.**

താല്പര്യമുള്ള വിദ്യാർത്ഥികൾ ഓപ്ഷൻ സമർപ്പിച്ച അപേക്ഷയുടെ പ്രിന്റ് ഔട്ടും, അഡ്മിഷനു ആവശ്യമായ എല്ലാ അസൽ സർട്ടിഫിക്കറ്റും (including TC, Consolidated Marklist, eligibility certificate, EWS certificate if applicable, **വാർഷിക ഫീസ്**) സഹിതം മേൽ പറഞ്ഞ സെന്ററിൽ രാവിലെ 10 മണിക്ക് മുമ്പായി റിപ്പോർട്ട് ചെയ്യേണ്ടതാണ്. ടി സമയം കഴിഞ്ഞു വരുന്നവരെയും മതിയായ രേഖകൾ ഇല്ലാതെ വരുന്നവരെയും അഡ്മിഷനു പരിഗണിക്കുന്നതല്ല.

അഡ്മിഷൻ ലഭിക്കുന്ന വിദ്യാർത്ഥികൾ യൂണിവേഴ്സിറ്റി അഡ്മിഷൻ ഫീസിനത്തിൽ ( SC/ST - 230 രൂപ മറ്റു വിഭാഗകാർക്ക് 1130 രൂപ ) അടയ്ക്കേണ്ടതാണ്. **കൂടാതെ അഡ്മിഷൻ ലഭിക്കുന്ന വിദ്യാർത്ഥികൾ ട്യൂഷൻ ഫീസ് (ഫീസിന്റെ വിവരങ്ങൾക്ക് കോളേജുമായി ബന്ധപ്പെടുക) കൈയിൽ കരുതേണ്ടതാണ്.**

**മറ്റു സർവകലാശാലയിൽ ബിരുദം പൂർത്തിയാക്കിയ വിദ്യാർത്ഥികൾ എലിജിബിലിറ്റി സർട്ടിഫിക്കറ്റ് നിർബന്ധമായും ഹാജരാക്കേണ്ടതാണ്.**

ഒഴിവുള്ള സീറ്റുകളുടെ വിവരം സർവകലാശാല വെബ്സൈറ്റിൽ (http://admissions.keralauniversity.ac.in) പ്രസിദ്ധീകരിച്ചിട്ടുണ്ട്.

### ഒന്നാം വർഷ ബിരുദ പ്രവേശനം - 2021
### ഡിസംബർ 22 ന് സ്വാശ്രയ/ യു.ഐ.റ്റി./ ഐ.എച്ച്.ആർ.ഡി. കോളേജുകളിൽ കോളേജ് തലത്തിൽ സ്പോട്ട് അലോട്ട്മെന്റ്

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള സ്വാശ്രയ/ യു.ഐ.റ്റി./ ഐ.എച്ച്.ആർ.ഡി. കോളേജുകളിൽ ഒന്നാം വർഷ ബിരുദ കോഴ്സുകളിലെ ഒഴിവുള്ള സീറ്റുകളിലേയ്ക്ക് കോളേജ് തലത്തിൽ സ്പോട്ട് അലോട്ട്മെന്റ് **ഡിസംബർ 22 ന്** അതാത് കോളേജുകളിൽ നടത്തുന്നു.

വിദ്യാർത്ഥികൾ ഓപ്ഷൻ സമർപ്പിച്ച അപേക്ഷയുടെ പ്രിന്റൗട്ട് സഹിതം താല്പര്യമുള്ള കോളേജുകളിൽ രാവിലെ 10 മണിക്ക് മുൻപായി ഹാജരാകേണ്ടതാണ്. ടി സമയം കഴിഞ്ഞു വരുന്നവരെ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല.

നിലവിൽ കോളേജുകളിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾ സ്പോട്ട് അലോട്ട്മെന്റിൽ പ്രവേശനം ഉറപ്പായാൽ മാത്രമേ ടി.സി.വാങ്ങുവാൻ പാടുള്ളൂ. സ്പോട്ട്

അലോട്ട്മെന്റിൽ പങ്കെടുക്കാൻ വരുന്ന വിദ്യാർത്ഥികളുടെ കൈവശം യോഗ്യതയും ജാതിയും (Non-creamy Layer, SC-ST, EWS) തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ ഉണ്ടായിരിക്കണം. കോളേജും കോഴ്സും അലോട്ട് ചെയ്തു കഴിഞ്ഞാൽ യാതൊരു കാരണവശാലും മാറ്റം അനുവദിക്കുകയില്ല. ഇത് വരെ അഡ്മിഷൻ ലഭിക്കാത്ത വിദ്യാർഥികൾക്ക് സ്പോട്ട് അലോട്ട്മെന്റിൽ അഡ്മിഷൻ ലഭിക്കുകയാണെങ്കിൽ യൂണിവേഴ്സിറ്റി അഡ്മിഷൻ ഫീസിനത്തിൽ (എസ്.ടി/എസ്.സി വിഭാഗങ്ങൾക്ക് 930 രൂപ, ജനറൽ/ മറ്റ് സംവരണ വിഭാഗങ്ങൾക്ക് 1850 രൂപ) അടയ്ക്കേണ്ടതാണ്. ഇതിനായി പ്രത്യേക സമയം അനുവദിക്കുന്നതല്ല. മുമ്പ് യൂണിവേഴ്സിറ്റി അഡ്മിഷൻ ഫീസ് അടച്ചവർ പേയ്മെന്റ് രസീതിന്റെ കോപ്പി കൈയിൽ കരുതണം.

ഒഴിവുള്ള സീറ്റുകളുടെ വിവരം സർവകലാശാല വെബ്സൈറ്റിൽ (http://admissions.keralauniversity.ac.in) പ്രസിദ്ധീകരിച്ചിട്ടുണ്ട്.

## ഒന്നാം വർഷ ബിരുദ പ്രവേശനം – 2021
## ഡിസംബർ 23 ന് ഗവണ്മെന്റ് /എയ്ഡഡ് /സ്വാശ്രയ/ യു.ഐ.റ്റി./ ഐ.എച്ച്.ആർ.ഡി. കോളേജുകളിൽ കോളേജ് തലത്തിൽ സ്പോർട്സ് ക്വാട്ട അലോട്ട്മെന്റ്

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവണ്മെന്റ് /എയ്ഡഡ് /സ്വാശ്രയ/ യു.ഐ.റ്റി./ ഐ.എച്ച്.ആർ.ഡി. കോളേജുകളിൽ ഒന്നാം വർഷ ബിരുദ കോഴ്സുകളിലെ ഒഴിവുള്ള സീറ്റുകളിലേയ്ക്ക് കോളേജ് തലത്തിൽ സ്പോർട്സ് ക്വാട്ട അലോട്ട്മെന്റ് **ഡിസംബർ 23 ന്** അതാത് കോളേജുകളിൽ നടത്തുന്നു.

വിദ്യാർത്ഥികൾ ഓപ്ഷൻ സമർപ്പിച്ച അപേക്ഷയുടെ പ്രിന്റൗട്ട് സഹിതം താല്പര്യമുള്ള കോളേജുകളിൽ രാവിലെ 10 മണിക്ക് മുൻപായി ഹാജരാകേണ്ടതാണ്. ടി സമയം കഴിഞ്ഞു വരുന്നവരെ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല.

നിലവിൽ കോളേജുകളിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾ സ്പോട്ട് അലോട്ട്മെന്റിൽ പ്രവേശനം ഉറപ്പായാൽ മാത്രമേ ടി.സി.വാങ്ങുവാൻ പാടുള്ളൂ. സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കാൻ വരുന്ന വിദ്യാർത്ഥികളുടെ കൈവശം **സ്പോർട്സ് യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ അസൽ രേഖകൾ** ഉണ്ടായിരിക്കണം. കോളേജും കോഴ്സും അലോട്ട് ചെയ്തു കഴിഞ്ഞാൽ യാതൊരു കാരണവശാലും മാറ്റം അനുവദിക്കുകയില്ല. ഇത് വരെ അഡ്മിഷൻ ലഭിക്കാത്ത വിദ്യാർഥികൾക്ക് സ്പോട്ട് അലോട്ട്മെന്റിൽ അഡ്മിഷൻ ലഭിക്കുകയാണെങ്കിൽ യൂണിവേഴ്സിറ്റി അഡ്മിഷൻ ഫീസിനത്തിൽ (എസ്.ടി/എസ്.സി വിഭാഗങ്ങൾക്ക് 930 രൂപ, ജനറൽ/ മറ്റ് സംവരണ വിഭാഗങ്ങൾക്ക് 1850 രൂപ) അടയ്ക്കേണ്ടതാണ്. ഇതിനായി പ്രത്യേക സമയം അനുവദിക്കുന്നതല്ല. മുമ്പ് യൂണിവേഴ്സിറ്റി അഡ്മിഷൻ ഫീസ് അടച്ചവർ പേയ്മെന്റ് രസീതിന്റെ കോപ്പി കൈയിൽ കരുതണം.

ഒഴിവുള്ള സീറ്റുകളുടെ വിവരം സർവകലാശാല വെബ്സൈറ്റിൽ (http://admissions.keralauniversity.ac.in) പ്രസിദ്ധീകരിച്ചിട്ടുണ്ട്.

## പരീക്ഷ ഫീസ്

**കേരളസർവകലാശാലയുടെ ബി.ടെക് ഡിഗ്രി 2008 സ്കീം അഞ്ചാം സെമസ്റ്റർ സപ്ലിമെന്ററി (2011 & 2012 അഡ്മിഷൻ), മേഴ്സി ചാൻസ് (2008, 2009 & 2010 അഡ്മിഷൻ) ഡിസംബർ 2021 പരീക്ഷക്ക് പിഴകൂടാതെ 2021 ഡിസംബർ 28 വരെയും 150 രൂപ പിഴയോടെ**

ഡിസംബർ 31 വരെയും 400 രൂപ പിഴയോടെ 2022 ജനുവരി 3 വരെയും അപേക്ഷിക്കാവുന്നതാണ്. വിശദവിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്.

## പുതുക്കിയ പരീക്ഷാ തീയതി

കേരളസർവകലാശാല 2021 ഡിസംബർ 22 ന് നടത്താനിരുന്ന രണ്ടാം സെമസ്റ്റർ എം.ബി.എ (2020 സ്കീം (റെഗുലർ) ഫുൾടൈം (യു.ഐ.എം ട്രാവൽ ആൻഡ് ടൂറിസം) ഫിനാൻഷ്യൽ മാനേജ്മെന്റ് (MGT 527) പരീക്ഷ 2022 ജനുവരി 5 ലേക്ക് പുതുക്കി നിശ്ചയിച്ചിരിക്കുന്നു. പരീക്ഷ കേന്ദ്രത്തിനും സമയത്തിനും മാറ്റമില്ല.

തിരുവനന്തപുരം,
20.12.2021.

പബ്ലിക് റിലേഷൻസ് ഓഫീസർ

**E-mail:** For exam related queries**examhelpdesk1@keralauniversity,examhelpdesk2@keralauniversity**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**